# കുടുംബശ്രീ ജില്ലാമിഷൻ, കോട്ടയം

## വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി ഡി എസിന്റെ ലോക്ക് ഡൗൺ കാലത്തേ വിവിധ പ്രവർത്തനങ്ങൾ

കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്കിലെ ചങ്ങനാശേരി ടൗണിനോട് തൊട്ടടുത്തുള്ള പഞ്ചായത്ത് ആണ് വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്. പഞ്ചായത്ത് കെട്ടിടത്തിൽ തന്നെയാണ് വാഴപ്പള്ളി കുടുംബശ്രീ സി ഡി എസും പ്രവർത്തിക്കുന്നത്. ചെയർപേഴ്സണും, അക്കൗണ്ടന്റും, 19 സി ഡി എസ് അംഗങ്ങളും ഉൾപ്പെടുന്നതാണ് ഇവിടുത്തെ സി ഡി എസ് പ്രവർത്തനം. സി ഡി എസ് ചെയർപേഴ്സൺ സിന്ധുമോൾ പി ജി, സി ഡി എസ് അക്കൗണ്ടൻറ് രാഖി രാജപ്പൻ എന്നിവരാണ് സി ഡി എസിന്റെ നേതൃസ്ഥാനം വഹിക്കുന്നവർ.

ഒരു മഹാമാരിയെ തടുക്കാൻ ലോക്ക് ഡൗൺ ആരംഭിച്ചപ്പോൾ അല്പം ഭയപ്പെട്ടെങ്കിലും ആ സമയത്തെ എങ്ങനെ വേറിട്ടതാക്കാം എന്നതാണ് സി ഡി എസിന്റെ പ്രവർത്തനം കാഴചവെക്കുന്നത്.ലോക്ക് ഡൗൺ സമയത്ത് കുടുംബശ്രീയും സി ഡി എസും നടത്തിയ പ്രവർത്തനങ്ങൾ വളരെ വലുതാണ്. പഞ്ചായത്തിനെയും മറ്റു വിവിധ വകുപ്പുകളെയും സഹായിക്കാൻ മുന്നിട്ടിറങ്ങിയത് കുടുംബശ്രീ പ്രവർത്തകർ തന്നെയാണ്. വാഴപ്പള്ളി പഞ്ചായത്ത് കുടുംബശ്രീ സി ഡി എസും അതുപോലെ തന്നെ ലോക്ക് ഡൗൺ സമയത്ത് വിവിധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

### കമ്മ്യൂണിറ്റി കിച്ചൺ

വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി ഡി എസിന്റെ നേതൃത്വത്തിൽ മാർച്ച് 27 മുതൽ ഏപ്രിൽ 12 വരെ തുടർച്ചയായ 48 ദിവസം നീണ്ടു നിന്ന കമ്മ്യൂണിറ്റി കിച്ചൺ ഗവണ്മെന്റ് യു.പി സ്കൂൾ ചീരഞ്ചിറയിൽ വെച്ച് നടത്തുകയുണ്ടായി. സി ഡി എസ് ചെയർപേഴ്സൺ സിന്ധുമോൾ പി ജിയുടെ നേതൃത്വത്തിൽ ആയിരുന്നു കമ്മ്യൂണിറ്റി കിച്ചൺന്റെ പ്രവർത്തനം. കുടുംബശ്രീ

അംഗങ്ങളായ മൂന്നുപേർ ഭക്ഷണം ഉണ്ടാക്കുന്നതിനും മറ്റു മൂന്ന് പേർ അവരെ സഹായിക്കാനുമായി ഉണ്ടായിരുന്നു.






## <u>മുഖ്യമന്ത്രി സഹായ ഹസ്തം ലോൺ പദ്ധതി</u>

മുഖ്യമന്ത്രിയുടെ സഹായ ഹസ്തം ലോൺ പദ്ധതിയുടെ ഭാഗമായി വാഴപ്പള്ളി കുടുംബശ്രീ സി ഡി എസിൽ നിലവിൽ 156 അപേക്ഷകൾ വാങ്ങുകയും 156 അപേക്ഷകളിലായി 2089 അംഗങ്ങൾ ആവശ്യക്കാരാകുകയും ആ അപേക്ഷകൾ എല്ലാം സി ഡി എസ് പ്രോസസ്സിംഗ് ചെയ്ത് 11380000 രൂപയ്ക്കു അപ്പ്രൂവൽ നൽകുകയും ചെയ്തു. പ്രോസസ്സിംഗ് ചെയ്ത അപേക്ഷകൾ എല്ലാം ബാങ്കിൽ നൽകുകയും അതിൽ 3 എണ്ണത്തിലായി 32 അംഗങ്ങൾക്ക് 200000 രൂപ സാങ്ക്ഷൻ ആവുകയും ബാക്കിയുള്ളവയുടെ പ്രോസസ്സിംഗ് ബാങ്കിൽ നടന്നു വരികയും ചെയ്യുന്നു. ലോക്ക് ഡൗൺ സമയം ആയതിനാൽ ആപ്പ്ലിക്കേഷനുകൾ സി ഡി എസിൽ

എത്തിക്കുന്നതിനും അതിന്റെ തുടർ പ്രവർത്തനങ്ങൾക്കും ഒരുപാട് ബുദ്ധിമുട്ടുകൾ നേരിട്ടുവെങ്കിലും എല്ലാം കൃത്യതയോടെ ചെയ്യാൻ ചെയർപേഴ്സണും അക്കൗണ്ടന്റും അതോടൊപ്പം സി ഡി എസ് മെമ്പർമാരും ഒരുപാടു പരിശ്രമിച്ചു അത് വിജയത്തിൽ എത്തുകയും ചെയ്തു.

**<u>ജെ എൽ ജി, കുടുംബശ്രീ ധനസഹായം</u>**

കമ്മ്യൂണിറ്റി കിച്ചണിലേക്ക് ആവശ്യമായ പച്ചക്കറികൾ കുടുംബശ്രീ അംഗങ്ങളായ 21 ജെ എൽ ജി ഗ്രൂപ്പുകൾ നൽകുകയുണ്ടായി. അതുകൂടാതെ വിവിധ കുടുംബശ്രീ ഗ്രൂപ്പുകൾ കമ്മ്യൂണിറ്റി കിച്ചണിലേക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങി നൽകി.



**<u>സ്നേഹിതാ കോളിങ് ബെൽ, ആശ്രയ, വയോജന അയൽക്കൂട്ടം</u>**

ലോക്ക് ഡൗൺ കാലഘട്ടത്തിൽ സ്നേഹിതാ കോളിങ് ബെല്ലിൽ ഉൾപ്പെട്ട അംഗങ്ങളെ തൊട്ടടുത്തുള്ള കുടുംബശ്രീ അംഗങ്ങൾ സന്ദർശിക്കുകയും അവർക്ക് വേണ്ടുന്ന സപ്പോർട്ടും പിന്തുണയും നൽകുകയും ചെയ്തു. അങ്ങനെ സന്ദർശിച്ചപ്പോൾ 11 ആം വാർഡിലെ സ്നേഹിതാ കോളിങ് ബെൽ അംഗമായ കുഞ്ഞുമോൾ സ്കറിയ എന്നയാൾക്ക് പ്രഷർ, ഷുഗർ ഇവയുടെ മരുന്ന് തീർന്നിരിക്കുകയാണെന്ന് അറിയുകയും ആ വാർഡിലെ എ ഡി എസിന്റെ നേതൃത്വത്തിൽ അവർക്ക് മരുന്ന് എത്തിച്ചു നൽകുകയും ചെയ്തു.

ആശ്രയ ഗുണഭോക്താക്കളെ ഫോൺ വിളിച്ച് അന്വേഷിച്ചതിന്റെ ഭാഗമായി മരുന്ന് ആവശ്യം ഉള്ളവർക്ക് പഞ്ചായത്തുമായി സഹകരിച്ച് പഞ്ചായത്തിന്റെ സഹായത്തോടെ

മരുന്ന് എത്തിച്ചു നൽകി. ഈ പ്രവർത്തനത്തിനും കുടുംബശ്രീ അംഗങ്ങളുടെ പൂർണ്ണമായ സപ്പോർട്ട് ഉണ്ടായിരുന്നു.

നിലവിൽ 13 വയോജന അയൽക്കൂട്ടങ്ങൾ ആണ് ഇവിടെ പ്രവർത്തിച്ചു വരുന്നത്. ഈ വയോജന അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾ ലോക്ക് ഡൗൺ സമയത്ത് എന്തെങ്കിലും പ്രശ്നങ്ങൾ നേരിടുന്നുണ്ടോ എന്ന് അറിയുന്നതിനും അവരുടെ സുഖ വിവരങ്ങൾ തിരക്കുന്നതിനും ആയി സി ഡി എസ് മെമ്പർമാരോ എ ഡി എസ് ഭാരവാഹികളോ ഇവരുമായി ഫോൺ വഴിയോ നേരിട്ടോ ബന്ധപ്പെടുന്നുണ്ടാരുന്നു. മരുന്നിനും ഭക്ഷണത്തിനും ബുദ്ധിമുട്ട് ഇല്ല എന്നും മാനസികമായും ശാരീരികമായും മറ്റു പ്രശ്നങ്ങൾ ഒന്നും അവരെ ഈ ലോക്ക് ഡൗൺ സമയത്തും അലട്ടുന്നില്ല എന്നും ഇതുവഴി മനസിലാക്കാൻ കഴിഞ്ഞു.

## <u>പ്രതിരോധ മരുന്ന് വിതരണം,മാസ്ക്, സാനിടൈസർ പച്ചക്കറി വിത്ത് വിതരണം</u>

കുടുംബശ്രീ അംഗങ്ങളായ ആശാ വർക്കർമാർ പഞ്ചായത്തിലെ എല്ലാ കുടുംബങ്ങളിലും പ്രതിരോധ മരുന്നുകൾ എത്തിച്ചു നൽകി. ഹരിത കർമ്മസേനയിൽ ഉൾപ്പെട്ട കുടുംബശ്രീ അംഗങ്ങൾ മാസ്ക്, സാനിറ്റൈസ്സർ എന്നിവ പഞ്ചായത്തിന്റെ നിർദ്ദേശ പ്രകാരം എല്ലാ വീടുകളിലും എത്തിച്ചു നൽകി. അതുകൂടാതെ ആവശ്യം ഉള്ള അംഗങ്ങൾക്ക് പച്ചക്കറി വിത്തുകളും ഇവർ വിതരണം നടത്തി.

## <u>വിവിധ മത്സരങ്ങൾ</u>

ലോക്ക് ഡൗൺ സമയത്തെ വിരസത അകറ്റാൻ എല്ലാ വീടുകളിലും തന്നെ കൃഷികൾ ആരംഭിച്ചിരുന്നു. ഇത് പ്രോത്സാഹിപ്പിക്കാനായി ജൈവാങ്കണം എന്ന വാട്സാപ്പ് ഗ്രൂപ്പ് എം കെ എസ് പിയുടെ നേതൃത്വത്തിൽ ആരംഭിക്കുകയും ആ ഗ്രൂപ്പിൽ നല്ല രീതിയിൽ വാഴപ്പള്ളി സി ഡി എസിലെ കുടുംബശ്രീ പ്രവർത്തകർ അവരുടെ കൃഷിയുടെ ഓരോ സ്റ്റേജിലെയും ഫോട്ടോസും വിവരങ്ങളും പങ്കുവെക്കുകയും ഇതിനെ ഒരു മത്സര ആവേശത്തോടെ കണ്ടു വരുകയും ചെയ്യുന്നു.

## <u>തുണിസഞ്ചി നിർമ്മാണം</u>

വാഴപ്പള്ളി കുടുംബശ്രീ സി ഡി എസിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന ഭദ്രദീപം തയ്യൽ യൂണിറ്റ് 100 തുണി സഞ്ചികൾ സപ്ലൈകോയുടെ ഭക്ഷ്യ ധാന്യ കിറ്റ് നിറക്കുന്നതിനു വേണ്ടി നൽകുകയുണ്ടായി.

കുടുംബശ്രീ അംഗങ്ങൾക്ക് മനസികമായുള്ള എല്ലാ വിധ പിന്തുണയും കൗൺസിലിംഗുകളും മറ്റെല്ലാ സപ്പോർട്ടും മുന്നോട്ടും നല്കാൻ ഇവിടെ സി ഡി എസും അതുപോലെ തന്നെ സി ഡി എസിൽ പ്രവർത്തിച്ചു വരുന്ന ജൻഡർ റിസോഴ്സ് സെന്ററും തയ്യാറാണ്. സാമ്പത്തിക പ്രവർത്തനങ്ങൾ എന്നതിലുപരി സമൂഹത്തെ ബാധിക്കുന്ന ഏതൊരു കാര്യത്തിനെയും നേരിടാൻ എന്നും കുടുംബശ്രീ ഒപ്പം ഉണ്ട്.

ആതിര പ്രസന്നൻ

ബ്ലോക്ക് കോഓർഡിനേറ്റർ (എം.ഐ.എസ് )

മാടപ്പള്ളി ബ്ലോക്ക്